യോഹ. 6:16-24

**കൈത്താക്കാലം ആറാം ഞായർ**

**2024 ആഗസ്റ്റ് 11**

**ഡോ. ജോസ് ഓലിയപ്പുറത്ത്**

വചനഭാഷ്യം

# ജീവിതത്തിൽ കർത്താവിന്റെ സാന്നിധ്യം

അപ്പം വർധിപ്പിക്കുന്ന സംഭവ വിവരണത്തിന്റെ പ്രാരംഭമായി പറഞ്ഞ കാര്യങ്ങളോടൊപ്പം യേശുവും ശിഷ്യരും ഗലീലി തടാകത്തിന്റെ ഒരു കരയിൽ നിന്നും മറുകരയിലേക്കു നീന്തിയെത്തുന്ന കാര്യം പറയുന്നുണ്ട്. അതിന്റെ പൊരുളറിയാൻ ഈ സുവിശേഷഭാഗം (6:16-21) സഹായകമാകുന്നു. അപ്പം വർധിപ്പിച്ചു നല്കിയതിനുശേഷം തന്നെ രാജാവാക്കണമെന്ന ജനത്തിന്റെ ചിന്ത മനസ്സിലാക്കിയ യേശു മലമുകളിലേക്കു പിൻവാങ്ങി പ്രാർത്ഥനയിൽ കഴിഞ്ഞു. വൈകുന്നേരമായപ്പോൾ ശിഷ്യർ ഗലീലി കടന്ന് കഫർണാമിലേക്കു പോകാൻ വഞ്ചിയിൽ കയറി തുഴയാൻ ആരംഭിച്ചു. യേശു അവരോടുകൂടി ഉണ്ടായിരുന്നില്ല. നേരം ഇരുട്ടാവുകയും ചെയ്തിരുന്നു. പെട്ടെന്നു കടൽ ക്ഷോഭിച്ചു. കാറ്റും കോളും നിറഞ്ഞ് ഗലീലിക്കടൽ ക്ഷോഭിക്കുന്നതും യേശു അതിനെ ശാസിക്കുന്നതും കടൽ ശാന്തമാകുന്നതും സമാന്തര സുവിശേഷങ്ങളിൽ കാണാം. ഇതിന്റെ ചുവടുപിടിച്ചായിരിക്കണം യോഹന്നാൻ തന്റെ ഈ പാരമ്പര്യം ആവർത്തിക്കുന്നതെന്ന് അനുമാനിക്കാം.

ഗലീലി തടാകത്തിലൂടെ തണ്ടുവലിച്ച് പൊയ്ക്കൊണ്ടിരുന്ന ശിഷ്യരുടെ അടുത്തേക്ക് കാറ്റിന്റെയും കടലിന്റെയും ജലത്തിന്റെയും ആകാശത്തിന്റെയും അധിനാഥൻ ജലത്തിലൂടെ നടന്നടുക്കുന്നു. സ്വാഭാവികമായും ഏതൊരുവനും ഭയന്നു വിറയ്ക്കും. അതുതന്നെ ഇവിടെയും സംഭവിച്ചു. നടന്നടുക്കുന്നത് യേശുവാണെന്ന് ശിഷ്യർക്കുപോലും മനസിലായില്ല. കാരണം അവൻ സകലത്തിന്റെയും നാഥനാണെന്ന ബോധ്യം അവർക്കുണ്ടായിരുന്നില്ല. ജീവിതത്തിന്റെ വിവിധ മേഖലകളിലൂടെ കടന്നുപോകുമ്പോൾ കർത്താവിന്റെ സാന്നിധ്യം അറിഞ്ഞും അറിയാതെയും നമുക്കനുഭവവേദ്യമാകും. എന്നാൽ അതു കർത്താവാണെന്നു പറയാനുള്ള വിവേകം നമുക്കുണ്ടാവില്ല. അവിടുന്നു ശിഷ്യരോടു പറഞ്ഞു: “ഞാനാണ് ഭയപ്പെടേണ്ട.” കർത്താവ് പലതലങ്ങളിലും സന്ദർഭങ്ങളിലും എന്നോടും പറയുന്നുണ്ട്, “ഞാനാണ് നീ ഭയപ്പെടാതിരിക്കൂ...” നിന്നെ കരുതലോടെ കാക്കുന്ന, ജീവിതത്തിന്റെ നീർക്കയത്തിൽ മുങ്ങി ശ്വാസംമുട്ടുന്നുവെന്നു തോന്നുമ്പോൾ കൈപിടിച്ചു കരയ്ക്കു കയറ്റുന്ന യേശു എന്റെ മദ്ധ്യേ സന്നിഹിതനാണ്. ഞാൻ എന്റെ ജീവിതമാകുന്ന വഞ്ചിയിൽ അവനു ഇടം കൊടുക്കണം... അവനെ കൂടെ കൊണ്ടുനടക്കണം. ജീവിതനൗകയുടെ കപ്പിത്താനായി അവനെ അവരോധിക്കണം. ഭയലേശമെന്യേ നിന്റെ ഹൃദയവാതിൽ അവനായി തുറന്നുകൊടുക്കണം. ലക്ഷ്യംവച്ച കരയിലേക്ക് ജീവിത തോണി അടുക്കാൻ അധിക സമയം വേണ്ടിവരില്ല. അവൻ നയിക്കുന്ന വഞ്ചിയിൽ യാത്ര

ചെയ്യുമ്പോൾ ലക്ഷ്യം അത്ര അകലത്തിലാവില്ല. അതു കർത്താവിന്റെ സമയത്തു നടക്കുന്നതാണ്...

- ജീവിതം കർത്താവിനു സമർപ്പിക്കണം
- എന്റെ ജീവിത നൗകയിൽ കർത്താവായ യേശുവിനു സ്ഥാനം നല്കണം.
- കർത്താവ് എന്റെ ജീവിതം നയിക്കാൻ എന്നെത്തന്നെയും എന്റെ പദ്ധതികളും വിട്ടുകൊടുക്കണം.
- ജീവിതത്തിന്റെ ദുർഘടം പിടിച്ച സമയങ്ങളിലും പ്രശാന്തമായ സമയങ്ങളിലും കർത്താവിനെ തിരിച്ചറിയണം. ✦